**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2017 മുതൽ 2023 വരെയുള്ള കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2017 മുതൽ 2023 വരെയുള്ള കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആക്രമണങ്ങളിൽ എത്ര പേർക്കു ജീവൻ നഷ്ടപ്പെട്ടുവെന്നും പരുക്ക് പറ്റിയവരുടെ എണ്ണം എത്രയാണെന്നും കൃഷി നാശം മൂലം ഉണ്ടായ നഷ്ടം എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | 2017 മുതൽ 2023 വരെയുള്ള കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | നഷ്ട പരിഹാരം നൽകിയ തുകയുടെ കണക്കും ഏതെല്ലാം വിധത്തിലുള്ള നഷ്ടങ്ങൾക്ക് എത്ര രൂപ വീതമാണ് നൽകിയതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | 2017 മുതൽ 2023 വരെയുള്ള കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് നാടിനെയും നാട്ടുകാരേയും സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് നാടിനെയും നാട്ടുകാരേയും സംരക്ഷിക്കാൻ സ്വീകരിച്ച് വരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1) സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.<br><br>2) വന്യജീവി സംഘർഷം ലഘുകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, |

| | | | |
|---|---|---|---|
| | | | റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചു വരുന്നു.<br><br>3) വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>4) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശുപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.<br><br>5) കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>6) ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.<br><br>7) ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ് ലൈഫ് വാർഡൻ / അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്കും കൂടി |

| | | | |
|---|---|---|---|
| | | | ദീർഘിപ്പിച്ച് കൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27.05.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021/Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | കൃഷിനാശം | | കാലിനാശം | | വസ്തുനാശം | | പരിക്ക് | | മരണം | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | നൽകിയ തുക (lakhs) | എണ്ണം | നൽകിയ തുക (lakhs) | എണ്ണം | നൽകിയ തുക (lakhs) | എണ്ണം | നൽകിയ തുക (lakhs) | എണ്ണം | നൽകിയ തുക (lakhs) |
| കൊല്ലം | 1807 | 111.43 | 325 | 52.8 | 192 | 9.13 | 500 | 145.57 | 46 | 120 |
| തിരുവനന്തപുരം | 1004 | 50.73 | 44 | 12.13 | 359 | 15.54 | 352 | 28.47 | 42 | 154.25 |
| പത്തനംതിട്ട | 1190 | 91.13 | 114 | 22.64 | 132 | 10.12 | 380 | 81.24 | 19 | 58.6 |
| ആലപ്പുഴ | 298 | 23.18 | 14 | 2.81 | 0 | 0 | 178 | 72.15 | 45 | 79.4 |
| കോട്ടയം | 272 | 27.59 | 81 | 2.81 | 0 | 0 | 285 | 73.77 | 21 | 79.4 |
| ഇടുക്കി | 1822 | 149.8 | 189 | 39.86 | 195 | 50.15 | 211 | 73.5 | 40 | 241 |
| എറണാകുളം | 208 | 159.06 | 16 | 23.6 | 27 | 27.71 | 429 | 185.07 | 20 | 55 |
| തൃശ്ശൂർ | 191 | 114.11 | 19 | 12.66 | 22 | 10.31 | 703 | 234 | 104 | 220 |
| കണ്ണൂർ | 2240 | 147.5 | 48 | 15.52 | 53 | 6.45 | 1048 | 295.55 | 61 | 198 |
| വയനാട് | 5461 | 1002.93 | 491 | 334.84 | 190 | 53.96 | 202 | 52.74 | 37 | 214 |
| പാലക്കാട് | 347 | 316 | 13 | 48.51 | 38 | 31.62 | 802 | 252 | 173 | 357 |
| മലപ്പുറം | 1747 | 164.71 | 62 | 11.42 | 387 | 36.46 | 343 | 81.02 | 64 | 192 |
| കോഴിക്കോട് | 2703 | 154.4 | 113 | 10.46 | 262 | 3.89 | 209 | 23.8 | 28 | 44 |
| കാസർഗോഡ് | 1667 | 83.2 | 30 | 5.38 | 27 | 10.1 | 523 | 122.00 | 30 | 107 |
| **TOTAL** | **20957** | **2595.77** | **1559** | **595.44** | **1884** | **265.44** | **6165** | **1720.88** | **730** | **2119.65** |